## കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ഇന്ദിര ആവാസ് യോജന - നിശ്ചയിച്ച തുകയെക്കാൾ കൂടുതൽ തുക ബ്ലോക്കുപഞ്ചായത്തുകൾക്ക് നൽകാൻ ഗ്രാമ/ജില്ലാ പഞ്ചായത്തുകൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

==================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ.)നം.423/14/തസ്വഭവ തിരുവനന്തപുരം, തീയതി, 14.02.2014

==================================================================

പരാമർശം:- 1. 20.01.2014 ലെ ഗ്രാമവികസന കമ്മീഷണറുടെ 25110/ജെ.ആർ.വൈ.1/13/ സി.ആർ.ഡി. നമ്പർ കത്ത്.

2. 22.01.2014 ലെ 3.27–ാം നമ്പർ കോ–ഓർഡിനേഷൻ കമ്മിറ്റി തീരുമാനം.

<u>ഉത്തരവ്</u>

ഇന്ദിര ആവാസ് യോജന ഭവന പദ്ധതി വീടുകളുടെ പൂർത്തീകരണത്തിന് ത്രിതല പഞ്ചായത്തുകൾ നൽകേണ്ട വിഹിതം നടപ്പു സാമ്പത്തിക വർഷത്തിൽ 25:50:25 എന്ന നിരക്കിലാണ്. എന്നാൽ ചില ത്രിതല പഞ്ചായത്തുകൾ ഇന്ദിരാ ആവാസ് പദ്ധതിയ്ക്ക് ഇതിലും കൂടുതൽ വിഹിതം തങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും വകയിരുത്തുവാൻ തയ്യാറായിട്ടുണ്ട്. കൂടാതെ പദ്ധതികളിൽ അധികം വരുന്ന തുകയും, പൂർത്തിയാകാത്തതോ തുടങ്ങാൻ കഴിയാത്തതോ ആയ പദ്ധതികളിലെ തുകയും അങ്ങനെയുള്ള പദ്ധതികൾ റദ്ദ് ചെയ്ത് അതിന് വകയിരുത്തിയ തുക കൂടി ഇന്ദിരാ ആവാസ് ഭവന പദ്ധതിയ്ക്ക് ധനസഹായമായി വകയിരുത്തുവാൻ ചില പഞ്ചായത്തുകൾ തയ്യാറായിട്ടുള്ളതിനാൽ ആയതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകണമെന്നും 2014–15 സാമ്പത്തിക വർഷം മുതൽ ത്രിതല പഞ്ചായത്തുകൾ വകയിരുത്തേണ്ട വിഹിതം യഥാക്രമം 25:40:35 എന്ന അനുപാതത്തിൽ ഭേദഗതി ചെയ്ത് സർക്കാർ ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ 2014–15 സാമ്പത്തിക വർഷം മുതൽ ഇന്ദിര ആവാസ് യോജന പദ്ധതിയിൽ നൽകുന്ന വീടുകൾക്ക് ത്രിതല പഞ്ചായത്തുകളിൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ നിലവിലുള്ള വിഹിതത്തേക്കാൾ കൂടുതൽ തുക വകയിരുത്തുവാൻ തയ്യാറാകുന്ന പക്ഷം പ്രസ്തുത പഞ്ചായത്തുകൾക്ക് അതിനും അനുവാദം നൽകണമെന്നും പരാമർശം(1) പ്രകാരം ഗ്രാമവികസന കമ്മീഷണർ അറിയിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയുണ്ടായി. നടപ്പ് സാമ്പത്തിക വർഷം ഇന്ദിരാ ആവാസ് യോജന ഭവന പദ്ധതിയിൽ അധിക ധനസഹായമായി ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ വകയിരുത്തേണ്ട വിഹിതം 25:50:25 എന്ന അനുപാതത്തിലും 2014-15 സാമ്പത്തിക വർഷം 25:40:35 അനുപാതത്തിലുമാണ്. പദ്ധതിയിൽ അധിക ധനസഹായമായി നൽകേണ്ട വിഹിതത്തിലെ കുറവ് പരിഹരിക്കുന്നതിന് ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്ക് നിശ്ചയിച്ചിട്ടുള്ള അനുപാതം വകയിരുത്തേണ്ട ഏറ്റവും കുറഞ്ഞ വിഹിതമായിരിക്കുമെന്നും സംസ്ഥാനത്തെ മിക്ക ബ്ലോക്ക് പഞ്ചായത്തുകൾക്കും നിശ്ചയിച്ച ഈ തുക വകയിരുത്തുന്നതിന് തുക അപര്യാപ്തമാണെന്നും 22.01.2014 ലെ കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം വിലയിരുത്തി. ബ്ലോക്ക് പഞ്ചായത്തുകളുടെ ഈ കുറവ് പരിഹരിക്കുന്നതിന് നിശ്ചയിച്ച അനുപാതത്തെക്കാൾ കൂടുതൽ തുക വകയിരുത്തുവാൻ സന്നദ്ധതയുള്ള ഗ്രാമ-ജില്ലാ പഞ്ചായത്തുകൾക്ക് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകളുടെ അഭ്യർത്ഥന പ്രകാരം കൗൺസിൽ തീരുമാനത്തിന് വിധേയമായി നടപ്പുസാമ്പത്തിക വർഷവും തുടർന്നുള്ള വർഷങ്ങളിലും ഇതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ജെയിംസ് വർഗ്ഗീസ് ഐ.എ.എസ്.,
പ്രിൻസിപ്പൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. ഡയറക്ടർ, പഞ്ചായത്ത്, തിരുവനന്തപുരം.
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി (ഗ്രാമവികസന കമ്മീഷണർ മുഖേന)
4. എല്ലാ ജില്ലാ/ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി (പഞ്ചായത്ത് ഡയറക്ടർ മുഖേന)
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
6. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
7. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ